വാഹന ചട്ടം 126-ൽ പരാമർശിക്കുന്ന ഏജൻസികളിൽ ഒന്നിന്റെ സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം.

3. കേന്ദ്ര മോട്ടോർ വാഹന ചട്ടം 126 അനുസരിച്ച് ട്രെയിലറുകളും സെമി ട്രെയിലറുകളും ഒഴികെയുള്ള വാഹനങ്ങളുടെ നിർമ്മാണത്തിനുമുമ്പ് അതിന്റെ പ്രൊട്ടോടൈപ്പ് താഴെപ്പറയുന്ന ഏതെങ്കിലും ഒരു ഏജൻസിയുടെ ടെസ്റ്റിന് വിധേയമായി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

(1.) വെഹിക്കിൾ റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ്, കേന്ദ്ര സർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിനു കീഴിലുള്ളത്.

(2.) ആട്ടോ മോട്ടീവ് റിസർച്ച് അസോസിയേഷൻ ഓഫ് ഇന്ത്യ, പൂനൈ.

(3.) സെൻട്രൽ മെഷിനറി ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മധ്യപ്രദേശ്.

(4.) ദി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പെട്രോളിയം, ഡെറാഡൂൺ.

4. കേന്ദ്ര മോട്ടോർ വാഹന ചട്ടം 124 (1) പ്രകാരം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ ഒഫിഷ്യൽ ഗസറ്റിൽ പ്രഖ്യാപിക്കുന്ന ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന നിലവാരത്തിലുള്ള ഭാഗങ്ങളോ കമ്പോണന്റുകളോ അസംബ്ലി യൂണിറ്റുകളോ മാത്രമേ വാഹനങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

14 (*220) കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. സി. മൊയീൻകുട്ടി :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർക്ക് കരാറിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യുന്നതുമൂലം കേരളത്തിലെ റബ്ബർ, തെങ്ങ് കർഷകരും തൊഴിലാളികളും അനുഭവിച്ചുവരുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയതു പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിൻമേൽ എന്തു മറുപടി ലഭിച്ചുവെന്നും ഇപ്പോഴത്തെ അവസ്ഥ എന്ത് എന്നും വെളിപ്പെടുത്തുമോ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കേന്ദ്ര സർക്കാരിന്റെ വിവിധ കരാറുകളും വാണിജ്യനയവും കാരണം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ നയങ്ങൾ രൂപീകരിക്കുന്നത് കേന്ദ്രസർക്കാരാണ്. ഇവയ്ക്കെതിരെയുള്ള ശക്തമായ പ്രതിഷേധം അറിയിക്കുകയും ഇവ പിൻവലിക്കുവാൻ നിരന്തരം സമ്മർദ്ദം ചെലുത്തുകയും ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുഖ്യമന്ത്രി തലത്തിലും കൃഷിവകുപ്പുമന്ത്രി തലത്തിലും നിവേദനങ്ങൾ നൽകിയിട്ടുണ്ട്. നേരിട്ടുതന്നെ കേന്ദ്ര കൃഷിമന്ത്രി, വാണിജ്യ മന്ത്രി എന്നിവരോട് ഇക്കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര സർക്കാരിന്റെ പ്രതികരണം പ്രശ്ന പരിഹാരത്തിന് സഹായകരമായിരുന്നില്ല.

15 (*221) നികുതിച്ചോർച്ച തടയുവാൻ നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. ടി.കെ. നൗഷാദ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതിച്ചോർച്ച തടയുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഇക്കാര്യത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് നികുതിച്ചോർച്ച ഉണ്ടാകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നികുതിചോർച്ച തടയുന്നതിനുള്ള പരിശ്രമത്തിന് ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സർക്കാർ ശ്രമിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) നികുതിചോർച്ച തടയുന്നതിനും നികുതിവെട്ടിപ്പ് കണ്ടുപിടിക്കുന്നതിനുമായി 24 മണിക്കൂറും കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും വാണിജ്യനികുതിവകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. ഈ വകുപ്പിലെ അസ്സസ്മെന്റ് വിഭാഗവും ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരും ചരക്കുവാഹനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാപാര സ്ഥാപനങ്ങൾ ഗോഡൗണുകൾ തുടങ്ങിയവ പരിശോധിച്ച് നികുതിവെട്ടിപ്പ് തടയുവാൻ നടപടി സ്വീകരിച്ച് നികുതി വെട്ടിപ്പിന്റെ പഴുതുകൾ ഇല്ലാതാക്കുവാൻ സാധിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലും മറ്റും ചരക്കു വാഹനപരിശോധനയിൽ നികുതി വെട്ടിപ്പ് ബോദ്ധ്യമാക്കൽ നികുതി പിഴയും ഈടാക്കി വരുന്നു.

വ്യാപാര സാധനങ്ങളുടെ വില കുറച്ചുകാണിച്ച് നികുതിവെട്ടിപ്പു നടത്തുന്നത് തടയുവാനായി വില്പനനികുതി നിയമത്തിലെ "19 സി" വകുപ്പു പ്രകാരം നടപടിയെടുക്കാറുണ്ട്. ചെക്ക്പോസ്റ്റുകളിലൂടെ അന്യസംസ്ഥാനത്തേയ്ക്ക് എന്ന വ്യാജേന കടത്തി സംസ്ഥാനത്തിനകത്ത് വില്പന നടത്തി നികുതി വെട്ടിപ്പ് നടത്തുന്നതു തടയുവാനായി നികുതി നിയമം '30 സി' വകുപ്പു പ്രകാരം ട്രാൻസിറ്റ് പാസ്സ് സമ്പ്രദായം ഏർപ്പെടുത്തി. ആദ്യവില്പനയിൽ വില കുറച്ചു കാണിച്ച് നികുതി വെട്ടിപ്പു നടത്തുന്ന സാധനങ്ങളെ വിൽപ്പന നികുതി നിയമം 5-ാം പട്ടികയിൽ ഉൾപ്പെടുത്തി ദ്വിമുഖ നികുതി വസൂലാക്കി വരുന്നു. ചെക്ക്പോസ്റ്റുകൾ വഴി വരുന്ന ചരക്കുവാഹനങ്ങൾ മിന്നൽ പരിശോധന നടത്തി ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി വരുന്നു. പ്രധാന ചെക്ക്പോസ്റ്റുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് നികുതി വെട്ടിപ്പിന്റെ മാർഗ്ഗങ്ങൾ പൂർണ്ണമായും തടയുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly